**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 191 18.03.15 ലെ മറുപടിക്ക്**

**"സംയോജിത ചെക്ക് പോസ്റ്റ്"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വർക്കല കഹാർ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംയോജിത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ വാണിജ്യ നികുതി,എക്സൈസ്,മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ സംയോജിത ഇൻ, ഔട്ട് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം 01.09.2011-ൽ ആരംഭിച്ചിട്ടുണ്ട്. വാഹന പരിശോധനയ്ക്കുള്ള സൗകര്യാർത്ഥം സംയോജിത ഔട്ട് ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം 27.11.2012 മുതൽ അമരവിള ടോൾ ജംഗ്ഷനിലേക്ക് മാറ്റിയിട്ടുണ്ട്. വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്കുവാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്കുനീക്കം സുഗമവും വേഗത്തിലുമാക്കുക, തുടങ്ങിയവയാണ് സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. സംസ്ഥാനത്തെ പ്രധാന ചെക്ക് പോസ്റ്റുകളെയെല്ലാം സംയോജിത ചെക്ക്പോസ്റ്റ് ആക്കി മാറ്റുന്നതിന്റെ ഭാഗമായി ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ചെക്ക്പോസ്റ്ററുകളുടെ പ്രവർത്തന |

| | | | |
|---|---|---|---|
| | | | ത്തെക്കുറിച്ച് സർക്കാർ നിയോഗിച്ച ഒരു വിദഗ്ധസമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ വാളയാറിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. വാളയാർ ഇൻ ചെക്ക്പോസ്റ്റിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽചെയ്തിട്ടുള്ള ഏഴ് കേസ്സുകളിൽ സ്റ്റേ നിലവിലുണ്ട്. മുത്തങ്ങയിൽ സംയോജിത ചെക്ക്പോസ്റ്റിനുവേണ്ടി 7.96 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ബംഗ്രമഞ്ചേശ്വരത്ത് 9.33 ഏക്കർ സ്ഥലം ഏറ്റെടുത്തു. തുടർ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആര്യങ്കാവ്, വഴിക്കടവ് എന്നിവിടങ്ങളിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുവേണ്ടി വനഭൂമി ഏറ്റെടുക്കുന്ന നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്, വ്യക്തമാക്കുമോ; | (ബി) | വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്കുവാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്കുനീക്കം സുഗമവും വേഗത്തിലുമാക്കുക, ചരക്കുവാഹനങ്ങളുടെ നിർത്തിയിടൽ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുക തുടങ്ങിയവയാണ് സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. സംയുക്തപരിശോധനയിലൂടെ വിവിധ വകുപ്പുകളുടെ പരിശോധന ഒരേ സമയം നടക്കുമെന്നുള്ളതിനാൽ |

| | | | |
|---|---|---|---|
| | | | പരിശോധന സമയം കാര്യമായി കുറയുകയും ആയതിനെ തുടർന്ന് വാഹനങ്ങൾ വേഗത്തിൽ കടത്തിവിടുന്നതിന് സാദ്ധ്യമാവുകയും ചെയ്യും. അതുമൂലം ഗതാഗതക്കുരുക്ക് ഒഴിവാക്കാനും സാധിക്കും. |
| (സി) | ഏതെല്ലാം വകുപ്പുകളുടെ ചെക്ക് പോസ്റ്റുകളാണ് സംയോജിത ചെക്ക് പോസ്റ്റിൽ പ്രവർത്തിക്കുന്നത്; വിശദമാക്കുമോ? | (സി) | വാണിജ്യനികുതി, മോട്ടോർ വാഹന, എക്സൈസ് എന്നീ വകുപ്പുകളുടെ ചെക്ക്പോസ്റ്റുകളാണ് നിലവിൽ സംയോജിത ചെക്ക്പോസ്റ്റുകളിൽ പ്രവർത്തിക്കുന്നത്. ടി വകുപ്പുകളുടെ ചെക്ക്പോസ്റ്റുകൾ സംയോജിപ്പിക്കുക വഴി ഇവയുടെ പ്രവർത്തനം ഒരു കുടക്കീഴിലാക്കാനാകും ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമവും, വേഗത്തിലാക്കാനും അതുവഴി ചരക്കുവാഹനങ്ങളുടെ നിർത്തിയിടൽ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കാനും സാധിക്കും. |
| (ഡി) | സംസ്ഥാനത്ത് എല്ലായിടത്തും സംയോജിത ചെക്ക് പോസ്റ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ ഒരു സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം മറ്റു പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനത്തെ പ്രധാന ചെക്ക് പോസ്റ്റുകളെയെല്ലാം സംയോജിത ചെക്ക്പോസ്റ്റ് ആക്കി മാറ്റുന്നതിന്റെ ഭാഗമായി ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ചെക്ക്പോസ്ററുകളുടെ പ്രവർത്തനത്തെക്കുറിച്ച് സർക്കാർ നിയോഗിച്ച ഒരു വിദഗ്ധസമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വാണിജ്യനികുതി, ട്രാൻസ്പോർട്ട്, എക്സൈസ് എന്നീ വകുപ്പുകളുടെ ചെക്ക്പോസ്റ്റ് സംയോജിപ്പിച്ച് വാളയാറിൽ ഒരു |

| | | | |
|---|---|---|---|
| | | | സംയോജിത ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. മുത്തങ്ങയിൽ സംയോജിത ചെക്ക്പോസ്റ്റിനുവേണ്ടി 7.96 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ബംഗ്രമഞ്ചേശ്വരത്ത് 9.33 ഏക്കർ സ്ഥലം ഏറ്റെടുത്തു. തുടർ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആര്യങ്കാവ്, വഴിക്കടവ് എന്നിവിടങ്ങളിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുവേണ്ടി വനഭൂമി ഏറ്റെടുക്കുന്ന നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. |

**സെക്ഷൻ ആഫീസർ.**